സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :14/05/2020
Email – swdkerala@gmail.com
Phone – 0471 – 2306040

# വിജ്ഞാപനം

സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് വേണ്ടി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ , തൊഴിൽ പരിശീലനം, അഭയകേന്ദ്രങ്ങൾ ഒരുക്കൽ, നിലവിൽ ഭിന്ന ശേഷി നിയമത്തിൻ കീഴിൽ ഉൾപെടുത്തിയിട്ടുള്ള 21 ഇനം വൈകല്യങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ സാമൂഹ്യനീതി വകുപ്പിന് വേണ്ടി നടത്തുന്നതിന് താൽപര്യമുള്ള ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ , ഗവേഷണ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണ കൂടങ്ങൾ മുതലായവരിൽ നിന്നും താൽപര്യപ്രകടനം ക്ഷണിക്കുന്നു.

**സാമൂഹ്യനീതി വകുപ്പ്**
**കേരള സർക്കാർ**

## 1.0 പശ്ചാത്തലം

കേരളത്തിലെ സാമൂഹ്യസുരക്ഷാ പ്രവർത്തനം, ഭിന്നശേഷി വിഭാഗങ്ങളുടെ സംരക്ഷണവും പുനരധിവാസവും സാമൂഹ്യനീതി വകുപ്പ് മുഖേനയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. കൂടാതെ ഭിന്നശേഷി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികളും ക്ഷേമ പരിപാടികളും നടപ്പിലാക്കി വരുന്നുണ്ട്.

## 2.0 പദ്ധതി വിവരം

സംസ്ഥാനത്ത് 2016 ലെ നടന്ന ഭിന്നശേഷി അവകാശ നിയമ പ്രകാരം ചുവടേ ചേർത്തിട്ടുള്ള 21 വിഭാഗം വൈകല്യങ്ങളേയാണ് ഭിന്നശേഷി വിഭാഗമായി കണ്ടെത്തിയിട്ടുള്ളത്.

1. Locomotor Disability

2. Leprosy Cured Person
3. Cerebral Palsy
4. Dwarfism
5. Muscular Dystrophy
6. Acid Attack Victims
7. Blindness
8. Low Vision
9. Deaf
10. Hard of Hearing
11. Speech and Language Disability
12. Intellectual Disability
13. Specific Learning Disability
14. Autism Spectrum Disorder
15. Mental Illness
16. Multiple Sclerosis
17. Parkinson's disease
18. Haemophilia
19. Thalassemia
20. Sickle cell disease
21. Multiple Disabilities

മേൽ ചേർത്തിട്ടുള്ളത് കൂടാതെ മറ്റ് പല രോഗങ്ങളും ഭിന്നശേഷി വിഭാഗത്തിൽപ്പെടുത്തേണ്ടതാണെന്നും എന്നാൽ അത്തരക്കാർക്ക് യാതൊരുവിധ സർക്കാർ ആനുകൂല്യങ്ങളും ലഭിക്കുന്നില്ലായെന്നും വിവിധമേഖലകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. പദ്ധതികൾ തയ്യാറാക്കേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭിന്നശേഷി നിയമത്തിൽ പരാമർശിച്ചിട്ടുള്ള 21 തരം ഭിന്നശേഷി വിഭാഗങ്ങൾ സംബന്ധിച്ച വിവിധ പഠനങ്ങൾ

2. 2016 ലെ നടന്ന ഭിന്നശേഷി അവകാശ നിയമം , 2020 ലെ ഭിന്നശേഷി ചട്ടങ്ങൾ, നാഷണൽ ട്രസ്റ്റ് നിയമം എന്നിവ പ്രകാരം ഭിന്നശേഷിവിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള നൂതന പദ്ധതികൾ

3. <u>അതിജീവനം സമഗ്ര പദ്ധതി</u>

ഭിന്ന ശേഷി വിഭാഗത്തിന്റെ സമഗ്ര പുരോഗതിയ്ക്കായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിബന്ധനകൾക്ക് വിധേയമായി സർക്കാർ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണ് അതിജീവനം. ചുവടെ ചേർക്കുന്ന പാദ്ധതികൾ നിലവിൽ നടപ്പാക്കി വരുന്ന സ്ഥാപനങ്ങൾക്ക് പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷിക്കാവുന്നതാണ്

**എ.** അംഗപരിമിതർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രം (18–40 പ്രായം)

**ബി.** അംഗപരിമിതർക്കുള്ള പകൽ പരിപാലന കേന്ദ്രം (18–40 പ്രായം)

**സി.** കാഴ്ചപരിമിതർക്കും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി (18–40 പ്രായം)

**ഡി.** മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃകാ പുനരധിവാസ പദ്ധതി (18-40 പ്രായം)

**ഇ.** മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജീവനോപാധിലൂടെയുള്ള പുനരധിവാസം ( ഷെൽട്ടേർഡ് വർക്ക് ഷോപ്പ്) (40 മേൽ പ്രായമുള്ളവർക്ക്)

പദ്ധതി വിശദംശങ്ങൾ www.sjd.kerala.gov.in - beneficiaries - differently abled - schemes - athijeevanam - എന്ന വെബ്സൈറ്റിൽ കാണാവുന്നതാണ് .

4.<u>പ്രത്യാശ പദ്ധതി</u>

മാനസിക വൈകല്യം ഭേദമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ താമസിക്കുന്ന അന്യസംസ്ഥാനക്കാരെ സ്വന്തം സംസ്ഥാനത്ത് എത്തിക്കുകയോ അവരുടെ കുടുംബാംഗങ്ങളുമായി കൂട്ടിചേർക്കുകയോ ചെയ്യുന്ന പദ്ധതി . അപേക്ഷകർ സമാന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോ സംഘടനകളോ ആയിരിക്കേണ്ടതാണ് . പദ്ധതി വിശദംശങ്ങൾ www.sjd.kerala.gov.in - beneficiaries - differently abled - schemes - prathyasa schemes - എന്ന വെബ്സൈറ്റിൽ കാണാവുന്നതാണ് .

5.<u>പ്രതീക്ഷ പദ്ധതി</u>

വിവിധ തലത്തിലുള്ള മാനസക വൈകല്യങ്ങൾ ബാധിച്ച വ്യക്തികളെ പുനരധിവസിക്കുവാൻ കഴിയാത്തത് കാരണം ഇത്തരത്തിലുള്ളവർ തെരുവുകളിൽ ജീവിക്കേണ്ടതായി വരുന്നു. ഇത്തരത്തിൽ മാനസിക വെല്ലുവിളി നേരിടുന്നവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ഓരോ സമൂഹത്തിനും വളരെ വലിയ വെല്ലുവിളിയാണ് . ഇത്തരം വ്യക്തികളെ പുനരധിവസിപ്പിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും സർക്കാർ തലത്തിൽ മാത്രം പരിഹരിക്കുവാൻ കഴിയുന്ന വിഷയമല്ല. അതിനാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന എൻജിഒ കൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകി മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവസിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. അപേക്ഷകർ സമാന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോ സംഘടനകളോ ആയിരിക്കേണ്ടതാണ്. പദ്ധതി വിശദംശങ്ങൾ www.sjd.kerala.gov.in – beneficiaries – differently abled – schemes – pratheeksha schemes – എന്ന വെബ് സൈറ്റിൽ കാണാവുന്നതാണ് .

## 3.0 അപേക്ഷകൻ ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ

ഓഫിസും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ സ്റ്റാഫും.

## 4.0 താൽപര്യപത്രം സമർപ്പിക്കുന്നതിനുള്ള യോഗ്യത

സർക്കാർ പദ്ധതികളുടെ വിവരശേഖരണം, സർക്കാർ പദ്ധതികളുടെ നടത്തിപ്പ് എന്നീ മേഖലകളിൽ കഴിവ് തെളിയിച്ച സ്ഥാപനങ്ങളോ അല്ലെങ്കിൽ നിലവിൽ ഭിന്നശേഷിക്കാരുടെ ക്ഷേമരംഗത്ത് പ്രവർത്തിക്കുകയോ ചെയ്യുന്ന സർക്കാർ / സർക്കാരേ തര സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവർക്കാണ് ടി പദ്ധതിയിലേക്ക് താൽപര്യപത്രം സമർപ്പിക്കാവുന്നത്. സന്നദ്ധസംഘടനകളാണെങ്കിൽ 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ പ്രകാരമോ അല്ലെങ്കിൽ 1958 ലേ ചാരിറ്റബിൾ ആക്ട് പ്രകാരമോ രജിസ്റ്റർ ചെയ്യതും മൂന്ന് വർഷത്തെ പ്രവർത്തി പരിചയവുമുള്ള കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായിരിക്കണം.

## 5.0 താൽപര്യ പത്രികയോടോപ്പം ഉണ്ടായിരിക്കേണ്ടവ

- 5.1 കോപ്പിയുടെ എണ്ണവും സമർപ്പിക്കേണ്ട വിധവും

ചുവടേ ചേർത്തിട്ടുള്ള ചെക്ക് ലിസ്റ്റിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങൾ ഉൾപ്പടുത്തി അപേക്ഷകൻ താൽപര്യപത്രം സമർപ്പിക്കേണ്ടതാണ്. താൽപര്യപത്രത്തിന്റെ ഒരു ഒറിജിനലും ഒരു കോപ്പിയും മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.

- 5.2 *ചെക്ക് ലിസ്റ്റ്*

ചുവടെ ചേർത്തിട്ടുള്ള എല്ലാ വിവരങ്ങളും കൃത്യവും വ്യക്തവുമായി ഉൾപ്പെടുത്തിയ താൽപര്യപത്രം സമർപ്പിക്കേണ്ടതാണ്.

- പാർട്ട് –1 അപേക്ഷകന്റെ ചെറുവിവരണം
- പാർട്ട് – 2 അപേക്ഷകന്റെ വിവരം (Annexure A യിലുള്ളത് പോലെ)
- പാർട്ട് - 3 സ്ഥാപനത്തിന്റെ അവസാന 3 വർഷത്തെ ഓഡിറ്റ് ചെയ്ത ആനുവൽ സ്റ്റേറ്റ്മെന്റ് ( 2016-17, 2017-18, 2018-2019 )
- പാർട്ട് - 4 പദ്ധതിയുടെ ആശയവിവരണം. ആശയവിവരണം എല്ലാ സ്റ്റേജുകളുടേതും ഉൾപ്പെടുത്തേണ്ടതാണ്. ( Data collection, Tabulation, Conclusion and Reports Generation).

ഒരു സ്ഥാപനം ഒന്നിലധികം പദ്ധതികൾക്ക് താൽപര്യപത്രം സമർപ്പിക്കുന്നപക്ഷം ഓരോന്നിനും പ്രത്യേകം താൽപര്യപത്രം സമർപ്പിക്കേണ്ടതാണ്. താൽപര്യപത്രം രജിസ്റ്റേർഡ് തപാലിലോ കുറിയർ സർവീസിലോ അയയ്ക്കാവുന്നതാണ്. ഏത് പദ്ധതിക്കാണോ താൽപര്യപത്രം സമർപ്പിക്കുന്നത് ആ പദ്ധതിയുടെ പേരു കവറിന് പുറത്ത് രേഖപ്പെടുത്തേണ്ടതാണ്.

## 6.0 താൽപര്യപത്രം സമർപ്പിക്കാനുള്ള അവസാന തിയതിയും മറ്റ് വിവരങ്ങളും

2020 ജൂൺ 30 ന് മുമ്പ് സാമൂഹ്യനീതി ഡയറക്ടർ, വികാസ്ഭവൻ, അഞ്ചാം നില, തിരുവനന്തപുരം എന്ന മെൽവിലാസത്തിൽ ലഭിക്കത്തക്കവിധം താൽപര്യപത്രം അയയ്ക്കേണ്ടതാണ്.

## 7.0 പദ്ധതി വിവരണം മീറ്റിങ്:

താൽപര്യപത്രം സമർപ്പിക്കുന്ന അപേക്ഷർ സാമൂഹ്യനീതി ഡയറക്ടറുടെ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി വിവരണത്തിനായി സ്വന്തം ചെലവിൽ സാമൂഹ്യ നീതി ഡയറക്ടർ മുമ്പാകെ ആവശ്യമായ രേഖകൾ സഹിതം എത്തിച്ചേരേണ്ടതാണ്. ഒരു പദ്ധതിക്ക് ഒന്നിൽകൂടുതൽ അപേക്ഷകരുണ്ടെങ്കിൽ സാങ്കേതിക/സാമ്പത്തിക കമ്മിറ്റിയുടെ തീരുമാനപ്രകാരം ടി മേഖലയിലുള്ള അപേക്ഷകരുടെ പ്രവർത്തിപരിചയം മുൻനിർത്തി തെരഞ്ഞെടുക്കുന്നതാണ്. പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് പൂർണ്ണമായും സർക്കാർ അനുമതിക്ക് വിധേയമായിരിക്കും.

## 8.0 നിരാകരണം

വേണ്ടത്ര ശ്രദ്ധയോടെയാണ് താൽപര്യപത്രം തയ്യാറാക്കിയിട്ടുള്ളതെങ്കിലും എല്ലാ അർത്ഥത്തിലും പൂർണ്ണമായിട്ടാണ് താൽപര്യപത്രം തയ്യാറാക്കിയിട്ടുള്ളതെന്ന് അപേക്ഷകൻ സ്വയം ഉറപ്പ് വരുത്തേണ്ടതാണ്.

അപേക്ഷകരുടെ താൽപര്യപത്രം യാതൊരുവിധ അറിയിപ്പും കൂടാതെ നിരസിക്കാനുള്ള പൂർണ്ണ അധികാരം സാമൂഹ്യനീതി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

താൽപര്യപത്രത്തിൽ അപേക്ഷകന് അറിയിപ്പ് നൽകി വേണ്ട മാറ്റങ്ങൾ വരുത്താൻ സാമൂഹ്യനീതി ഡയറക്ടർക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

പദ്ധതികൾ പൂർണ്ണമായും സർക്കാർ അനുമതിക്ക് വിധേയമായിരിക്കും.

| ANNEXURE 'A': DETAILS OF THE APPLICANT | |
|---|---|
| Name and Address of the Organization with postal code | |
| Telephone number with STD Code | |
| Fax No. | |
| Email address, if any | |
| Year of Establishment | |
| Chief Executive: Name, Address, Telephone No, email id | |
| Chief Contact Person: Name, Address, Telephone No., email id | |
| Projects undertaken till now | |
| Awards Received if any | |

*******************